# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2752 | 19.02.2016 ൽ മറുപടിയ്ക്ക്

### സപ്ലൈക്കോ മെഡിക്കൽ സ്റ്റോറുകൾ

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 2011-ൽ സംസ്ഥാനത്ത് സപ്ലൈക്കോയുടെ എത്ര മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു; അതിൽ ഏതെങ്കിലും മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തനരഹിതമായിട്ടുണ്ടോ; | | (എ) 2011-ൽ സംസ്ഥാനത്ത് സപ്ലൈക്കോയുടെ കീഴിൽ 92 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു. അതിൽ 8 മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനത്തിന് 2005 മുതൽ 2016 വരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെലവഴിച്ച തുകയെത്ര; സബ്സിഡി നൽകുന്നതിന് ചെലവഴിച്ച തുകയെത്ര ; വിശദമാക്കാമോ ; | | (ബി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ മാത്രമായുള്ള പ്രവർത്തന ചെലവുകൾ പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ലാത്തതിനാൽ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് 2005 മുതൽ 2016 വരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെലവഴിച്ച തുക എത്ര എന്ന് കണക്കാക്കുവാൻ സാധിച്ചിട്ടില്ല. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ സബ്സിഡി നിരക്കിലല്ല/ മറിച്ച് കുറഞ്ഞ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. |
| (സി) സപ്ലൈക്കോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നോ; വിശദമാക്കാമോ? | | (സി) സപ്ലൈക്കോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് സർക്കാരിൽ നിന്നും പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ